# ടി. ആർ. ചന്ദ്രദത്ത്



ദത്ത് മാഷ് എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ടി. ആർ. ചന്ദ്രദത്ത്. നാടിന് ചേർന്ന സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും ഒരു ജനകീയ ഗവേഷണ സ്ഥാപനത്തോടൊപ്പം പ്രസ്ഥാനത്തിനും രൂപം നൽകിയ പ്രതിഭ. കേരളത്തിന്റെ വികസന ചരിത്രത്തിൽ ഒഴിവാക്കാൻ കഴിയാത്ത വ്യക്തിത്വം. ജനപക്ഷ വികസനത്തിന് പുതിയൊരു അധ്യായം തുറക്കാനും എഴുതി ചേർക്കാനും നേതൃത്വം. വിദ്യാർത്ഥി സംഘടനാ പ്രവർത്തകനായി തുടങ്ങി അധ്യാപകൻ, ജനകീയ ഗവേഷകൻ, സാമൂഹ്യ പ്രവർത്തകൻ, തുടങ്ങി വ്യത്യസ്ഥ രീതികളിലും തലങ്ങളിലും പ്രവർത്തനാനുഭവം. പ്രകൃതി സ്നേഹവും സാമൂഹ്യ നീതിയും സമന്വയിപ്പിച്ച വികസന കാഴ്ചപ്പാടിന്റെ വക്താവ്. ഈ കാഴ്ചപ്പാട് കേരള വികസനത്തിൽ വിളക്കി ചേർക്കുന്നതിലുള്ള പങ്കാളിത്തവും നേതൃത്വവും.

ബദൽ വികസന സങ്കൽപ്പങ്ങൾക്ക് ചിറകുകൾ നൽകുവാനും ജനപങ്കാളിത്തത്തിലൂടെ അവ യാഥാർത്ഥ്യമാക്കുവാനും ശാസ്ത്ര-സാങ്കേതിക പരിജ്ഞാനങ്ങൾ വികസനപ്രകിയയിൽ സന്നിവേശിപ്പിച്ച് വ്യക്തിയും സമൂഹവും നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാനും ശാസ്ത്ര നേട്ടങ്ങൾ ജീവിതങ്ങളുടെ വഴിയാകേണ്ടതാണെന്ന തിരിച്ചറിവാണ് കോസ്റ്റ്ഫോർഡിനു രൂപം നല്കാൻ സി അച്യുതമേനോനെയും ദത്തുമാഷിനെയും പ്രേരിപ്പിച്ച പ്രധാന ഘടകം. കെ ആർ നാരായണൻ, ഡോ. കെ എൻ രാജ്, ലാറിബേക്കർ, ഡോ എം പി പരമേശ്വരൻ എന്നിവരെയെല്ലാം ചേർത്ത് ആശയ വിസ്തൃതി വിപുലപ്പെടുത്തി ജനകീയ ശാസ്ത്ര പ്രസ്ഥാനമായി

കോസ്റ്റ്ഫോർഡിനെ രൂപപ്പെടുത്തി. സമാനതകളില്ലാത്ത ഈ സംഘടന കേരള ചരിത്രത്തിലിടം നേടുകയും ചെയ്തു.



ജനകീയാസൂത്രണ പ്രസ്ഥാനത്തിലെ മുഖ്യ പങ്കാളി. കേവലമൊരു പ്രവർത്തകൻ മാത്രമായിരുന്നില്ല. ഒട്ടനവധി വികസന പ്രോജക്ടുകൾ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമാക്കാൻ നേതൃത്വം നൽകി. സി അച്യുത മേനോൻ പഠന ഗവേഷണ കേന്ദ്രം, തൃശൂർ ജില്ലക്കായി ജനകീയ ഭവന പരിപാടി , കുടുംബശ്രീ ആരംഭിക്കുന്നതിനും മുമ്പേ പാവപ്പെട്ട സ്ത്രീകളെ സംഘടിപ്പിച്ച് തൊഴിലും വരുമാനവും സാമൂഹ്യസുരക്ഷയും ഉറപ്പാക്കിയ സ്ത്രീ ശക്തി പദ്ധതി, വയോജനങ്ങളുടെയും നിത്യരോഗികളുടെയും സാന്ത്വനത്തിനായി പ്രത്യാശ ട്രസ്റ്റ് തുടങ്ങി സാമൂഹ്യ നീതി ഉറപ്പാക്കുന്ന നിരവധി ജനകീയ ഇടപെടലുകളുടെ തുടക്കം കുറിച്ചതും നേതൃത്വവും ദത്ത് മാഷായിരുന്നു. ഒരു പ്രദേശത്ത് വ്യത്യസ്ഥ വികസന ഇടപെടലുകളെ ഏകോപിപ്പിച്ച് നടപ്പിലാക്കാനും അതു വഴി സമഗ്ര വികസനത്തിന് മാതൃക സൃഷ്ടിക്കാനും തളിക്കുളം വികാസ് ട്രസ്റ്റിലൂടെ നടത്തിയ ശ്രമങ്ങൾ വേറെയും...

ദുരിത ബാധിതർ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ, തൊഴിൽ രഹിതർ തുടങ്ങിയവരുടെ ജീവിതപ്രശ്നങ്ങളെയും മലിനീകരണം, പ്രകൃതിവിഭവശോഷണം തുടങ്ങിയ പരിസ്ഥിതി പ്രശ്നങ്ങളേയും ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളായി കണ്ട് ജനപങ്കാളിത്തവും അനുയോജ്യ



സാങ്കേതിക വിദ്യയും സമന്വയിപ്പിച്ച് പരിഹാരം തേടിയ ഒരു സോഷ്യൽ എഞ്ചിനീയറായിരുന്നു ദത്ത് മാഷ്.



കുടുംബത്തിന്റെ പങ്കാളിത്തവും പിന്തുണയും മാഷിന്റെ പ്രവർത്തനങ്ങൾക്ക് എക്കാലവും ശക്തി നൽകി. പത്മാവതി ടീച്ചർ സ്നേഹവും കരുതലും പകർന്നു നൽകി നമ്മുടെ പ്രസ്ഥാനത്തിന്റെ ഉയർച്ച താഴ്ചകളിൽ മാഷിനോടോപ്പം നിന്നു.

വ്യക്തിയും സമൂഹവും നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ, കൊടുങ്കാറ്റുപോലെ വന്നു നിറയുന്ന ഊർജ പ്രവാഹമായി; തളരാതെ, വാടാതെ, വീഴാതെ ജീവിതം മുഴുവൻ ഉയർത്തിപ്പിടിച്ച പ്രത്യയശാസ്ത്രത്തെ മാറോട് ചേർത്ത് ബദൽ സാങ്കേതിക വിദ്യ പരിപോഷിപ്പിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും സന്നദ്ധപ്രവർത്തകരുടെ കൂട്ടായ്മ വളർത്തിക്കൊണ്ടുവരുന്നതിനും ഉന്നതശ്രേണികളിൽ പ്രവർത്തിച്ച സാങ്കേതിക വിദഗ്ധരുടെയും സിവിൽ സർവ്വീസിലെ പരിണിതപ്രജ്ഞരുടെയും ആക്ടിവിസ്റ്റുകളുടെയും പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് സംഘടന വിപുലപ്പെടുത്തി.



പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ മുഖ്യധാരയിലേക്കു എത്തിക്കുന്നതിന് വേണ്ടി പുതിയ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി, അസാധ്യമായതെല്ലാം സാധ്യമാക്കി, കോസ്റ്റ്ഫോഡിനെ മാഷ് കരുത്തുറ്റ പ്രസ്ഥാനമാക്കി.

നാടിനെ കുറിച്ചും സംഘടനയെക്കുറിച്ചും  വികസനത്തെക്കുറിച്ചുമുള്ള സ്വപ്നങ്ങൾക്ക് മുന്നിൽ ശാരീരിക അവശതകൾ മാറിനിൽക്കുമെന്ന് മാഷിന്റെ ജീവിതം നമുക്ക് കാണിച്ചു തന്നു. അദ്ദേഹം തുടങ്ങി വച്ച കാര്യങ്ങൾ  കൂടുതൽ സർഗ്ഗാത്മകമായി മുന്നോട്ട് കൊണ്ടുപോവുകയാണ് അദ്ദേഹത്തിന്റെ നിത്യസ്മരണക്കായി നമുക്ക് ചെയ്യാൻ കഴിയുക. അതിന്




ഉതകുന്ന രീതിയിൽ കോസ്റ്റ് ഫോർഡിന്റെ പ്രവർത്തനങ്ങൾ രൂപപെടുത്താനും മുന്നോട്ടു കൊണ്ടുപോകാനും  കഴിയണം..... പുതിയ ബദൽ സാങ്കേതിക വിദ്യകൾ വികസിപ്പിക്കുവാനും പഠന-ഗവേഷണ പ്രവർത്തനങ്ങൾ വിപുലപ്പെടുത്താനും ഒരു കേന്ദ്രത്തിന് ദത്ത് മാഷിന്റെ നാമധേയത്തിൽ തുടക്കം കുറിക്കുന്നു. ഇതിനായി കേരള സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്.

താങ്കളുടെ സജീവ പങ്കാളിത്തം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

---